ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.ആർ. ബാലൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സ്വാമിനാഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. രാധാകൃഷ്ണൻ എന്നിവരാണ്. ഇവർ പ്രമുഖരായതുകൊണ്ട് അവരെ അറസ്റ്റ് ചെയ്തില്ല. മുണ്ടൂർ പോലുള്ള സ്ഥലത്ത് ഇത്തരത്തിൽ സംഭവങ്ങളുണ്ടായാൽ അതിന് പോലീസ് സംരക്ഷണം നൽകണ്ടേ? അത് ഉണ്ടായില്ല. കള്ളനെ പിടിക്കാതെ കണ്ടവനെ പിടിക്കുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് അവിടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം. ഈ കൊലയാളികളുടെ പേരിൽ കേസ് എടുക്കണം. അവിടെ സൈരജീവിതം നടത്തണം. അതുകൊണ്ട് ഈ പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പാലക്കാട് ജില്ലയിലെ മുണ്ടൂർ ഹൈസ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് 16.7.1999-ന് നടക്കുകയുണ്ടായി. തെരഞ്ഞെടുപ്പിൽ എസ്.എഫ്.ഐ. വിജയിക്കുകയും കെ.എസ്.യു പരാജയപ്പെടുകയും ചെയ്തു. വിജയാഹ്ലാദപ്രകടനത്തിൽ പങ്കെടുത്തവരിൽ ചിലരെ കോൺഗ്രസ്സ് (ഐ) പ്രവർത്തകരും ബി.ജെ.പി. പ്രവർത്തകരും ചേർന്ന് മർദ്ദിച്ചു. തുടർന്ന് 17.7.99-ന് മുണ്ടൂർ ന്യൂ ഹോട്ടലിന് മുൻവശത്തുവച്ച് കോൺഗ്രസ് (ഐ) പ്രവർത്തകരായ രണ്ടുപേരെ സി.പി.എം. പ്രവർത്തകർ മർദ്ദിച്ച് പരിക്കേൽപ്പിച്ചു. 17.7.99-ന് രാവിലെ 11 മണിയോടെ ഒരു സംഘം കോൺഗ്രസ് (ഐ) പ്രവർത്തകർ സി.പി.എം. പാർട്ടി ഓഫീസിനുനേരെ സംഘം ചേർന്ന് മാരകായുധങ്ങളുമായി ആക്രമിക്കാൻ എത്തുകയും സി.പി.എം. ഏരിയാ സെക്രട്ടറി ശിവരാമദാസിനെയും കൂടെയുണ്ടായിരുന്നവരെയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ആക്രമികൾ സി.പി.എം. ഓഫീസിനുനേരെ കല്ലെറിയുകയും ചെയ്തു. 17.7.99-ന് വൈകുന്നേരം 3.30ന് മണ്ഡലം വൈസ് പ്രസിഡന്റ് ഷൺമുഖനെയും മർദ്ദിച്ച് പരിക്കേൽപ്പിച്ച സംഭവമുണ്ടായിട്ടുണ്ട്. സി.പി.എം. പാർട്ടി ഓഫീസിനുനേരെ കല്ലെറിഞ്ഞതിലും പ്രവർത്തകരെ ആക്രമിച്ചതിലും പ്രതിഷേധിച്ചുകൊണ്ട് നൂറോളം പേർ പ്രകടനം നടത്തുകയുണ്ടായി. പ്രകടനത്തിൽ പങ്കെടുത്തവരിൽ ചിലർ കോൺഗ്രസ് (ഐ) പ്രവർത്തകനായ ഉദയന്റെ വീടിനുനേരെ പന്നിപ്പടക്കം എറിഞ്ഞ സംഭവവും ഉണ്ടായിട്ടുണ്ട്. സംഭവത്തോടനുബന്ധിച്ച് ക്രൈം നമ്പർ 144/99, 145/99, 146/99, 147/99 എന്നിങ്ങനെ നാല് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെ പോലീസുദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുണ്ടൂർ ഹൈസ്കൂളിൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച് എസ്.എഫ്.ഐ. പ്രവർത്തകർ നടത്തിയ ആഹ്ലാദപ്രകടനത്തിനുനേരെ കോൺഗ്രസ് (ഐ), ബി.ജെ.പി. പ്രവർത്തകർ ആക്രമം നടത്തിയതിനെത്തുടർന്നാണ് മുണ്ടൂരിൽ സംഘർഷസ്ഥിതി ഉളവായിട്ടുള്ളത്. ഇപ്പോൾ സ്ഥിതിഗതികൾ പൂർണ്ണമായും നിയന്ത്രണവിധേയമാണ്.

(2) ജില്ലാ കളക്ടർമാർ തോക്കുകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതുസംബന്ധിച്ച്

ശ്രീ. ജോർജ് ജെ. മാത്യു : സർ, കേരളത്തിലെ പല കളക്ടറേറ്റുകളിലും തോക്ക് ലൈസൻസ് പുതുക്കാൻ വിസമ്മതിക്കുകയാണ്. യാതൊരു കാരണവുമില്ലാതെ ലൈസൻസ് പുതുക്കിക്കൊടുക്കാതിരിക്കുകയാണ്. ലൈസൻസ് ആക്ട് ഓഫ് 1959 അനുസരിച്ച് ഏതൊരു നിയമം അനുശാസിക്കുന്ന പൗരനും തോക്ക് ലൈസൻസ് ലഭിക്കാൻ അവകാശമുണ്ട്. അത് നിരസിച്ചാൽ, അതിന്റെ കാരണം

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചാൽ, അത് അറിയിക്കാനുള്ള കടമ നിഷേധിക്കുന്ന അതോറിറ്റിക്കുണ്ട്. പ്രശ്നം ഇങ്ങനെയിരിക്കെ, കേരളത്തിലെ ഈ സാഹചര്യത്തിൽ, തോക്ക് വീട്ടിൽ വയ്ക്കുന്നത് ആരെയും ഉപദ്രവിക്കാനല്ല. മറിച്ച് സുരക്ഷാ ബോധമുണ്ടാകാൻ വേണ്ടി മാത്രമാണ്. തോക്കുകൾ ഉപയോഗിച്ച് നടക്കുന്ന സംഘട്ടനങ്ങളിൽ ലൈസൻസുള്ള തോക്കുകൾ രണ്ടുശതമാനംപോലും ഉപയോഗിക്കാറില്ലെന്ന് "വീക്ക്" ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം ലൈസൻസ് വ്യാപകമായി റദ്ദ് ചെയ്താൽ, കള്ളത്തോക്കുകളുടെ പ്രചാരവും എണ്ണവും വർദ്ധിക്കും. സർക്കാർ ഒരു പൗരന്റെ മൗലികാവകാശത്തിൻമേൽ കൈവയ്ക്കരുതെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കൂടാതെ ഡെൽഹി പോലുള്ള നഗരങ്ങളിൽ, സിറ്റിസൺസിന് പ്രോപ്പർ പ്രൊട്ടക്ഷൻ കൊടുക്കാൻ സാധിക്കാത്തതുകൊണ്ട്, ന്യായമായ എല്ലാ തോക്ക് അപേക്ഷകളും അനുവദിച്ചുകൊടുക്കുന്നുണ്ട്. കേന്ദ്രത്തിൽനിന്ന് വല്ല നിർദ്ദേശവും ഈ കാര്യത്തിലുണ്ടായിട്ടുണ്ടോ; കളക്ടർമാർക്ക് എന്തെങ്കിലും ഓറൽ ഓർഡർ സർക്കാർ കൊടുത്തിട്ടുണ്ടോ, എന്നീ കാര്യങ്ങൾ ഞങ്ങൾക്ക് അറിയണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തോക്ക് എല്ലാവരും എടുത്താൽ പിന്നെ നിയമസമാധാനം വളരെ നന്നാകും. അമേരിക്കയിൽ എല്ലാവർക്കും തോക്ക് വാങ്ങാം. ഒരു കുഴപ്പവുമില്ല. അവിടെയാണ് ഏറ്റവുമധികം ക്രൈം ഉള്ളത്.

സർ, തോക്കുകൾക്ക് പുതിയതായി ലൈസൻസുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവരുടെ ലൈസൻസുകൾ പുതുക്കുന്നതിനും 1955-ലെ വി.1102/ഇ/106/94-ാം നമ്പർ സർക്കുലറിൽ കേന്ദ്രഗവൺമെന്റ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ലൈസൻസുകൾ ലഭിക്കുന്നതിനും പുതുക്കുന്നതിനും അപേക്ഷകൾ ലഭിക്കുമ്പോൾ അപേക്ഷകരെ നേരിട്ട് വിളിക്കാറുണ്ട്. ഇതിന്റെ ആക്ഷേപം മുഴുവനും നമ്മുടെ കാഞ്ഞിരപ്പള്ളി മെമ്പറുടെ സ്ഥലത്താണ്. വടക്കൻ മേഖലയിൽ ആക്ഷേപമില്ല. ഏറ്റവും അധികം റബ്ബർ കിട്ടുന്ന സ്ഥലത്താണ് ആക്ഷേപം. വടക്ക് മലപ്പുറത്തോ കണ്ണൂരോ കാസർകോടോ ഇത്തരം ആക്ഷേപമില്ല. 1995 ലെ സർക്കുലർ പ്രകാരം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസിന് അപേക്ഷിക്കുന്ന അപേക്ഷകരെ നേരിട്ട് വിളിക്കുന്നത്. പ്രായാധിക്യംമൂലവും മറ്റു കാരണങ്ങളാലും തോക്ക് ഉപയോഗിക്കുന്നതിനുള്ള ആരോഗ്യമില്ലാത്തവരും തോക്ക് കൈവശം വയ്ക്കേണ്ട ആവശ്യമില്ലാത്തവരുമായ അപേക്ഷകരെ നിരസിക്കും. അർഹരായവരുടെ അപേക്ഷകൾ അനുവദിക്കാറുമുണ്ട്. പരാതികളുണ്ടെങ്കിൽ നിയമാനുസൃതമായ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ..... (തടസ്സം) ..... എനിയ്ക്കറിയാം ആ ഭാഗത്താണ് ആക്ഷേപമുള്ളതെന്ന്. എല്ലാ വീട്ടിലും ഈരണ്ടു തോക്കുണ്ട്. നോർത്ത് ഇന്ത്യയിലെ സ്ഥിതിഗതികൾ വച്ചുകൊണ്ട്, ജില്ലാ കളക്ടർമാർ തോക്കുകൾ പിൻവലിക്കാൻ തുടങ്ങിയിട്ടുണ്ട്. അതാണ് ആക്ഷേപം വന്നത്.

(3) കൊടകര മണ്ഡലത്തിലെ ലോനപ്പന്റെ മകൾ ഷീബയുടെ തിരോധാനം

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തൊറു വില്ലേജിൽ കണ്ണംപൊത്തൂർ പൊന്തോക്കൽ ലോനപ്പന്റെ മകൾ ഷീബയെ 29.9.98 മുതൽ ദുരൂഹമായ സാഹചര്യത്തിൽ കാണാതായിട്ട്,

LIBRARY ARCHIVES Kerala Legislative Assembly